കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

# ഹിന്ദു വിധവാ പുനർവിവാഹ ആക്റ്റ്, 1856

## (1856-ലെ 15-ാം ആക്റ്റ്)

**(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)**

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

# ഹിന്ദു വിധവാ പുനർവിവാഹ ആക്റ്റ്, 1856

## (1856-ലെ 15-ാം ആക്റ്റ്)

## (1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്ത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

# ഹിന്ദുവിധവാ പുനർവിവാഹ ആക്റ്റ്, 1856

(1856-ലെ 15-ാം ആക്റ്റ്)

## ഹിന്ദുവിധവകളുടെ വിവാഹത്തിനുള്ള നിയമപരമായ എല്ലാ പ്രതിബന്ധങ്ങളും നീക്കം ചെയ്യുവാനുള്ള ആക്റ്റ്.

[1856 ജൂലൈ, 25]

ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഗവൺമെൻറിൻെറ കൈവശത്തിലും കീഴിലുമുള്ള രാജ്യക്ഷേത്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സിവിൽകോടതികളിൽ പ്രശാസിതമായിട്ടുള്ള നിയമത്താൽ, ഹിന്ദുവിധവകൾക്ക് ചിലർക്കൊഴികെ, ഒരിക്കൽ വിവാഹം കഴിച്ചിരുന്നു എന്ന കാരണംകൊണ്ട്, സാധുവായ ഒരു രണ്ടാം വിവാഹം കഴിക്കുവാൻ സമർത്ഥതയില്ലെന്നും, അങ്ങനെയുള്ള വിധവകൾക്ക് ഏതെങ്കിലും രണ്ടാം വിവാഹം വഴിയുണ്ടാകുന്ന സന്താനങ്ങൾ നിയമവിരുദ്ധമായ വേഴ്ചയിലുണ്ടായവരാണെന്നും, അവർക്ക് വസ്തു അനന്തരാവകാശമായി ലഭിക്കുന്നതിന് സമർത്ഥതയില്ലെന്നും വിധിച്ചിട്ടുള്ളതായി അറിവായിരിക്കുന്നതിനാലും;

ആരോപിക്കപ്പെട്ട നിയമപരമായ അസമർത്ഥത, സ്ഥാപിതമായ ആചാരം അനുസരിച്ചുള്ളതാണെന്നിരുന്നാലും തങ്ങളുടെ മതത്തിൻെറ ആദേശങ്ങളുടെ ശരിയായ വ്യാഖ്യാനമനുസരിച്ചുള്ളതല്ലെന്ന് അനേകം ഹിന്ദുക്കൾ വിശ്വസിക്കുകയും, അവർ, നീതിന്യായക്കോടതികളിൽ പ്രശാസിതമായ സിവിൽനിയമം തങ്ങളുടെ സ്വന്തം മന:സാക്ഷിയുടെ പ്രചോദനമനുസരിച്ച് വ്യത്യസ്തമായ ഒരു ആചാരം സ്വീകരിക്കുന്നതിൽനിന്ന്, അതിന് ഇഷ്ടമുള്ള ഹിന്ദുക്കളെ മേലിൽ തടയുവാൻ പാടില്ലെന്ന് ആഗ്രഹിക്കുകയും ചെയ്തിരിക്കയാലും ;

തങ്ങൾ പരാതിപ്പെടുന്ന നിയമപരമായ ഈ അസമർത്ഥതയിൽനിന്ന്, അങ്ങനെയുള്ള എല്ലാ ഹിന്ദുക്കൾക്കും ആശ്വാസ നൽകുന്നത് നീതിപൂർവ്വകമായിരിക്കയാലും, ഹിന്ദുവിധവയുടെ വിവാഹത്തിനുള്ള നിയമപരമായ എല്ലാ പ്രതിബന്ധങ്ങളും നീക്കം ചെയ്യുന്നത് സദാചാരം പുലർത്തുന്നതിനും പൊതുക്ഷേമം കൈവരുത്തുന്നതിനുമുള്ള പ്രവണതയുള്ളതായിരിക്കയാലും ; താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

1. ഹിന്ദുവിധവകളുടെ വിവാഹം നിയമാനുസൃതമാക്കിയിരിക്കുന്നുവെന്ന്. വിപരീതമായ ഏതെങ്കിലും ആചാരമോ, ഹിന്ദുനിയമത്തിൻെറ ഏതെങ്കിലും വ്യാഖ്യാനമോ ഉണ്ടെന്നിരുന്നാലും, ഹിന്ദുക്കൾ തമ്മിൽ കഴിച്ചിട്ടുള്ള യാതൊരു വിവാഹവും, സ്ത്രീ അങ്ങനെയുള്ള വിവാഹസമയത്ത് ജീവിച്ചിരിപ്പില്ലാത്ത മററാരാളെ മുമ്പ് വിവാഹം കഴിക്കുകയോ വിവാഹംകഴിക്കാമെന്ന് വാക്കു കൊടുക്കുകയോ ചെയ്തിട്ടുണ്ടെന്നുള്ള കാരണത്താൽ; അസാധുവാകുകയോ അങ്ങനെയുള്ള യാതൊരു വിവാഹത്തിലേയും സന്താനങ്ങൾ നിയമവിരുദ്ധമായ വേഴ്ചയിലുണ്ടായവരാവുകയോ ചെയ്യുന്നതല്ല.

2. മരിച്ചുപോയ ഭർത്താവിൻെറ വസ്തുവിൽ വിധവയ്ക്കുള്ള അവകാശങ്ങൾ അവളുടെ പുനർവിവാഹത്തിൻമേൽ ഇല്ലാതാകുമെന്ന്.—ഏതെങ്കിലും വിധവയ്ക്ക്, സംരക്ഷണച്ചെലവായോ അല്ലെങ്കിൽ അവളുടെ ഭർത്താവിൻേറയോ അയാളുടെ നേരേയുള്ള പിൻതുടർച്ചക്കാരുടേയോ അനന്തരാവകാശമായോ, അല്ലെങ്കിൽ പുനർവിവാഹം ചെയ്യാനുള്ള പ്രകടമായ അനുവാദം കൂടാതേയും വസ്തു അന്യാധീനപ്പെടുത്താൻ അധികാരമില്ലാതേയും അങ്ങനെയുള്ള വസ്തുവിൽ ഒരു പരിമിതമായ എസ്റേററ് മാത്രം നൽകുന്ന ഏതെങ്കിലും മരണശാസനത്തിൻേറയോ മരണപത്രപ്രകാരമുള്ള വിനിയോഗത്തിൻേറയോ ബലത്തിലോ,

അവളുടെ മരിച്ച ഭർത്താവിന്റെ വസ്തുവിൽ അവൾക്ക് ഉണ്ടാകാവുന്ന എല്ലാ അവകാശങ്ങളും അവകാശബന്ധങ്ങളും അവളുടെ പുനർവിവാഹത്തിന്മേൽ, അവൾ അപ്പോൾ മരിച്ചുപോയിരുന്നാൽ എന്നപോലെ, ഇല്ലാതാവുകയും അവസാനിക്കുകയും ചെയ്യുന്നതും; അപ്പോൾ ആ വസ്തു അവളുടെ മരണത്തിന്മേൽ അതിന് അവകാശപ്പെട്ട, മരിച്ച ഭർത്താവിന്റെ അടുത്ത അനന്തരാവകാശികൾക്കോ മററു ആളുകൾക്കോ, പിൻതുടർച്ചയായി ലഭിക്കുന്നതും ആകുന്നു.

3. വിധവയുടെ പുനർവിവാഹത്തിന്മേൽ മരിച്ച ഭർത്താവിന്റെ കുട്ടികളുടെ രക്ഷാകർത്തൃത്വം. ഒരു ഹിന്ദുവിധവയുടെ പുനർവിവാഹത്തിന്മേൽ, മരിച്ച ഭർത്താവിന്റെ മരണശാസനത്താലോ മരണപത്രത്താലുള്ള വിനിയോഗത്താലോ അയാളുടെ കുട്ടികളുടെ രക്ഷാകർത്താവായി വിധവയെയോ മറേറതെങ്കിലും ആളേയോ പ്രകടമായി നിയോഗിച്ചിട്ടില്ലെങ്കിൽ, മരിച്ച ഭർത്താവിന്റെ മരണസമയത്ത് അയാൾക്ക് അധിവാസമുണ്ടായിരുന്ന സ്ഥലത്തെ, സിവിൽ കേസുകളിൽ ആദ്യവിചാരണാധികാരിതയുള്ള ഏററവും ഉയർന്ന കോടതിയിൽ, മേല്പറഞ്ഞ കുട്ടികളുടെ രക്ഷാകർത്താവായി ഉചിതനായ വല്ല ആളേയും നിയമിക്കുന്നതിന് മരിച്ച ഭർത്താവിന്റെ പിതാവിനോ, പിതാമഹനോ, മാതാവിനോ, പിതാമഹിക്കോ അല്ലെങ്കിൽ മരിച്ച ഭർത്താവിന്റെ ഏതെങ്കിലും പുരുഷ ബന്ധുവിനോ ഹർജി ബോധിപ്പിക്കാവുന്നതും, അപ്പോൾ ആ കോടതി, യുക്തമെന്നു തോന്നുന്നുവെങ്കിൽ, അങ്ങനെയുള്ള രക്ഷാകർത്താവിനെ നിയമിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതും, നിയമിക്കപ്പെടുമ്പോൾ അയാൾക്ക് മേല്പറഞ്ഞ കുട്ടികൾ മൈനർ ആയിരിക്കുന്ന കാലത്ത്, അവരുടെ അമ്മയുടെ സ്ഥാനത്ത്, അവരുടെയോ, അവരിൽ ആരുടെയെങ്കിലുമോ മേൽനോട്ടത്തിനും കസ്റ്റഡിയ്ക്കും അവകാശമുണ്ടായിരിക്കുന്നതും; അങ്ങനെയുള്ള നിയമനം നടത്തുന്നതിൽ കോടതി; കഴിയുന്നിടത്തോളം പിതാവോ മാതാവോ ഇല്ലാത്ത കുട്ടികളുടെ രക്ഷാകർത്തൃത്വം സംബന്ധിച്ച് പ്രാബല്യത്തിലുള്ള നിയമങ്ങളാലും ചട്ടങ്ങളാലും നയിക്കപ്പെടേണ്ടതും ആകുന്നു :

എന്നാൽ മേല്പറഞ്ഞ കുട്ടികൾക്ക് അവർ മൈനർമാരായിരിക്കുന്ന കാലത്ത് അവരുടെ ജീവസന്ധാരണത്തിനും ഉചിതമായ വിദ്യാഭ്യാസത്തിനും മതിയായ സ്വന്തം വസ്തുക്കൾ ഇല്ലാത്തപ്പോൾ, അവർ മൈനർമാർ ആയിരിക്കുന്നകാലത്ത് അവരുടെ ജീവസന്ധാരണത്തിനും ഉചിതമായ വിദ്യാഭ്യാസത്തിനുമായി നിർദ്ദിഷ്ട രക്ഷാകർത്താവ് ജാമ്യം നല്കിയിട്ടില്ലാത്തപക്ഷം മാതാവിന്റെ സമ്മതത്തോടുകൂടിയല്ലാതെ അങ്ങനെയുള്ള യാതൊരു നിയമനവും നടത്താൻ പാടുള്ളതല്ല.

4. ഈ ആക്ററിലെ യാതൊന്നും കുട്ടിയില്ലാത്ത ഏതെങ്കിലും വിധവയെ അനന്തരാവകാശത്തിന് സമർത്ഥതയുള്ളവളാക്കിത്തീർക്കുന്നില്ല. — ഈ ആക്ററിൽ അടങ്ങിയ യാതൊന്നിനും, ഏതെങ്കിലും ആൾ ഏതെങ്കിലും വസ്തു വിട്ടുംവച്ച് മരിക്കുമ്പോൾ കുട്ടിയില്ലാത്ത വിധവയായ ഒരു വിധവയെ, അവൾ ഈ ആക്ററ് പാസാക്കുന്നതിന് മുമ്പായി താൻ കുട്ടിയില്ലാത്ത വിധവയാണെന്ന കാരണത്താൽ ആ വസ്തു മുഴുവനുമോ അതിന്റെ ഏതെങ്കിലും ഓഹരിയോ അനന്തരാവകാശമായി ലഭിക്കുന്നതിന് അസമർത്ഥയാകുമായിരുന്നുവെങ്കിൽ, അത് അനന്തരാവകാശമായി ലഭിക്കുന്നതിന് സമർത്ഥയാക്കുന്നതായി അർത്ഥം കല്പിക്കുവാൻ പാടുള്ളതല്ല.

5. വിവാഹം കഴിക്കുന്ന വിധവയുടെ അവകാശങ്ങൾ 2 മുതൽ 4 വരെയുള്ള വകുപ്പുകളിൽ വ്യവസ്ഥ ചെയ്ത വിധമല്ലാതെ, ഒഴിവാക്കരുത്. — മുൻപറഞ്ഞ മൂന്നു വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, ഒരു വിധവയ്ക്കു തന്റെ പുനർവിവാഹം കാരണം, തനിക്ക് മററുവിധത്തിൽ അവകാശ

മുണ്ടാകുമായിരുന്ന ഏതെങ്കിലും വസ്തുവോ അവകാശമോ നഷ്ടപ്പെടുന്നതല്ലാത്തതും, പുനർവിവാഹം ചെയ്ത ഏതൊരു വിധവയ്ക്കും, അങ്ങനെയുള്ള വിവാഹം തന്റെ ആദ്യവിവാഹമായിരുന്നാൽ ഉണ്ടാകുമായിരുന്ന അനന്തരാവകാശത്തിനുള്ള അതേ അവകാശങ്ങൾ ഉണ്ടായിരിക്കുന്നതും ആകുന്നു.

6. സാധുതയുള്ള വിവാഹത്തിന് വേണ്ട അടിയന്തിരങ്ങൾക്ക്, വിധവയുടെ വിവാഹത്തിൻമേൽ അതേ പ്രഭാവമുണ്ടായിരിക്കുമെന്ന്.—മുമ്പു വിവാഹം ചെയ്തിട്ടില്ലാത്ത ഒരു ഹിന്ദു സ്ത്രീയുടെ വിവാഹത്തിൽ, ആ വിവാഹം സാധുതയുള്ളതാക്കുന്നതിന് ഉച്ചരിക്കപ്പെട്ട ഏതെല്ലാം വാക്കുകളോ, നിർവഹിക്കപ്പെട്ട ഏതെല്ലാം അടിയന്തരങ്ങളോ, ചെയ്യപ്പെട്ട ഏതെല്ലാം ഏർപ്പാടുകളോ ആണോ മതിയായിട്ടുള്ളത്, അവ ഒരു ഹിന്ദുവിധവയുടെ വിവാഹത്തിൽ ഉച്ചരിക്കുകയോ നിർവഹിക്കുകയോ ചെയ്യുകയോ ചെയ്യുകയാണെങ്കിൽ അവയ്ക്ക് അതേ പ്രഭാവമുണ്ടായിരിക്കുന്നതും, അങ്ങനെയുള്ള വാക്കുകളോ അടിയന്തരങ്ങളോ ഏർപ്പാടുകളോ ഒരു വിധവയുടെ സംഗതിയിൽ ബാധകമല്ലെന്നുള്ള കാരണത്തിൻമേൽ യാതൊരു വിവാഹവും അസാധുവായി പ്രഖ്യാപിക്കാൻ പാടില്ലാത്തതും ആകുന്നു.

7. മൈനറായ വിധവയുടെ പുനർവിവാഹത്തിനുള്ള സമ്മതം.—പുനർവിവാഹം ചെയ്യുന്ന വിധവ,വിവാഹം ലൈംഗികസംഗത്തോടെ പൂർത്തിയായിട്ടില്ലാത്ത ഒരു മൈനറാണെങ്കിൽ അവളുടെ പിതാവിന്റേയോ പിതാവില്ലെങ്കിൽ പിതാമഹന്റേയോ, പിതാമഹനില്ലെങ്കിൽ മാതാവിന്റേയോ, അവർ ആരും ഇല്ലെങ്കിൽ ജ്യേഷ്ഠസഹോദരന്റേയോ, സഹോദരൻമാരാരുമില്ലെങ്കിൽ അടുത്ത പുരുഷബന്ധുവിന്റേയോ സമ്മതത്തോടുകൂടിയല്ലാതെ അവൾ പുനർവിവാഹം ചെയ്യുവാൻ പാടുള്ളതല്ല.

ഈ വകുപ്പിന് വിപരീതമായി ചെയ്യുന്ന വിവാഹത്തിന് പ്രേരണ നല്കുന്നതിനുള്ള ശിക്ഷ.— ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് വിപരീതമായി ചെയ്യുന്ന ഒരു വിവാഹത്തിന് അറിഞ്ഞുകൊണ്ട് പ്രേരണ നല്കുന്ന എല്ലാ ആളുകളും. ഒരു വർഷത്തിൽ കവിയാത്ത ഏതെങ്കിലും കാലത്തേയ്ക്കുള്ള തടവു ശിക്ഷയോ പിഴ ശിക്ഷയോ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

അങ്ങനെയുള്ള വിവാഹത്തിന്റെ പ്രഭാവം.— കൂടാതെ ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് വിപരീതമായി ചെയ്യുന്ന എല്ലാ വിവാഹങ്ങളും ശൂന്യമാണെന്ന് കോടതിക്ക് പ്രഖ്യാപിക്കാവുന്നതാണ്: എന്നാൽ ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് വിപരീതമായി ചെയ്തിട്ടുള്ള വിവാഹത്തിന്റെ സാധുത സംബന്ധിച്ച ഏതെങ്കിലും പ്രശ്നത്തിൽ മുൻപറഞ്ഞ സമ്മതമുണ്ടെന്ന്, വിപരീതമായത് തെളിയിക്കുന്നതുവരെ, അനുമാനിക്കേണ്ടതും, അങ്ങനെയുള്ള യാതൊരു വിവാഹവും അത് ലൈംഗികസംഗത്തോടെ പൂർത്തിയായതിനു ശേഷം, ശൂന്യമാണെന്ന് പ്രഖ്യാപിക്കാൻ പാടില്ലാത്തതും, ആകുന്നു.

മേജറായ വിധവയുടെ പുനർവിവാഹത്തിന് സമ്മതം —പൂർണ്ണവയസ്സെത്തിയവളോ അല്ലെങ്കിൽ വിവാഹം ലൈംഗിക സംഗത്തോടെ പൂർത്തിയായിട്ടുള്ളവളോ ആയ ഒരു വിധവയുടെ സംഗതിയിൽ, അവളുടെ പുനർവിവാഹം നിയമാനുസൃതവും സാധുവും ആക്കുന്നതിന് അവളുടെ സ്വന്തം സമ്മതം മതിയാകുന്നതാണ്.